

TUESDAY 26-07-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Asha T T**


Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/07/2022.

1. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകുന്നു. പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ളവർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477 2236294** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ ഒന്നിന് നൂറ്റിപ്പത്ത് (110) രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിരിക്കുന്നു. **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കൃഷിവകുപ്പ് നാളികേര വികസന പദ്ധതിയിൽ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ സംസ്ഥാനമൊട്ടാകെ **'കേരരക്ഷ'** വാരമായി ആചരിക്കുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗനിയന്ത്രണം, പച്ചിലവളപ്രയോഗം, ശീമക്കൊന്നനടീൽ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് കേരരക്ഷ വാരത്തിന്റെ ലക്ഷ്യങ്ങൾ.

4. കുട്ടനാട്ടിൽ വിതച്ച് 15 മുതൽ 45 ദിവസം വരെ പ്രായമായ ചമ്പക്കുളം, നെടുമുടി, കൈനകരി, തകഴി കൃഷിഭവന്റെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇലത്തുമ്പുകളിൽ കരിച്ചിൽ ആണ് തുടക്ക ലക്ഷണം. വർഷകാല കൃഷിയിൽ രോഗവ്യാപനം വളരെ വേഗത്തിൽ ആയിരിക്കും. രോഗം കൂടുതൽ വ്യാപിക്കുന്ന സാഹചര്യത്തിൽ നിയന്ത്രണം ബുദ്ധിമുട്ടായതിനാൽ ഇലകരിച്ചിൽ ലക്ഷണങ്ങൾ കാണുന്ന പാടശേഖരങ്ങളിൽ കർഷകർ ആരംഭത്തിൽ തന്നെ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. സാങ്കേതിക സഹായത്തിനായി മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി നേരിട്ടോ, **9400142409** (ചമ്പക്കുളം), **8547865338** (നെടുമുടി), **9961392082** (കൈനകരി), **9633815621** (തകഴി) എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

5. സംസ്ഥാനത്ത് ആഫ്രിക്കൻ സൈ്വൻ ഫീവർ (പന്നിപ്പനി) സ്ഥിരീകരിച്ച സാഹചര്യത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുളള സൈ്വൻ ഫീവർ ആക്ഷൻ പ്ലാൻ പ്രകാരം സംസ്ഥാനത്തെ എല്ലാ പന്നി ഫാമുകളിലും ബയോ സെക്യൂരിറ്റി, മാലിന്യനിർമ്മാർജ്ജനം എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്. പന്നിവളർത്തൽ ഫാമുകളിലെ പന്നികളിൽ രോഗലക്ഷണമോ അസ്വാഭാവിക മരണമോ സംഭവിക്കുന്നുണ്ടോയെന്ന് ജാഗ്രത പുലർത്തേണ്ടതും സംശയാസ്പദമായ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ പഞ്ചായത്തിലെ സർക്കാർ വെറ്ററിനറി ഡോക്ടറെ അറിയിക്കേണ്ടതുമാണ്. സംസ്ഥാന തലത്തിൽ വിവരങ്ങൾ അറിയിക്കുവാൻ **0471 2732151** എന്ന ഫോൺ നമ്പരിൽ കൺട്രോൾ റൂം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

6. ആഫ്രിക്കൻ സൈ്വൻ ഫീവർ സ്ഥിരീകരിച്ച സാഹചര്യത്തിൽ വനാതിർത്തിയിൽ ഉളള പഞ്ചായത്തുകളിൽ കാട്ടു പന്നികളുടെ അസ്വാഭാവിക മരണം ശ്രദ്ധയിൽപ്പെട്ടാല ഉടൻ തന്നെ അടുത്തുളള മൃഗാശുപത്രിയിൽ അറിയിക്കണമെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു.

7. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് പരിസരത്ത് പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ കൃഷി ബിസിനസ് കേന്ദ്രയിൽ നിന്നും TxD, DxT തെങ്ങിൻ തൈകൾ ഇരുന്നൂറ് (200) രൂപ നിരക്കിലും മലയൻപച്ച ഇനം നൂറ് (100) രൂപ നിരക്കിലും ലഭ്യമാണ്. വിയറ്റ്നാം ഏർളി ജാക്ക് പ്ലാവിനം നൂറ്റിഅൻപത് (150) രൂപ നിരക്കിലും ലഭ്യമാണ്. കൂടാതെ പയർ, മല്ലി, മുളക്, കാപ്സികം, കത്തിരി, വഴുതന എന്നിവയുടെ സങ്കര ഇനങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8289907652** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുളള **വാട്ടർഷെഡ് മാനേജ്മെന്റി**ലുളള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 31-ന് (ജൂലൈ 31) മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ

വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899** എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **0474-2476020, 2475051, 9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

9. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തകഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ 622/1, 622/2 റീസർവേ നമ്പരുകളിലെ 00.61.05 ഹെക്ടർ പുറമ്പോക്ക് നിലത്ത് രണ്ടാം കൃഷി ചെയ്യുന്നതിനുള്ള അവകാശം ഓഗസ്റ്റ് രണ്ടിന് രാവിലെ 11-ന് തകഴി വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്തു നൽകും. കൂടുതൽ വിവരങ്ങൾക്ക് **0477 2702221** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. കൂടാതെ മുല്ലയ്ക്കൽ വില്ലേജിൽ സർവെ 835/1എ1, 835/1എ2, 835/1എ4 എന്നിവയിൽ ബോട്ട്-ഇൻ ലാൻഡായി സർക്കാരിന്റെ അധീനതയിലുള്ള 2.16.51 ഹെക്ടർ (5.35 ഏക്കർ) നിലത്ത് 2022-23, 2023-24, 2024-25 വർഷത്തിൽ നെൽകൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള അവകാശം ഓഗസ്റ്റ് നാലിന് രാവിലെ 11-ന് വില്ലേജ് ഓഫീസിൽ വച്ച് ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് **0477-2253771** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

10. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തി വരുന്നു. ഒരു ദിവസം മുതൽ നാലു ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-2679680** എന്ന ഫോൺ നമ്പരിൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മണിക്കും വൈകിട്ട് 5.30 നും ഇടയിൽ ബന്ധപ്പെടാവുന്നതാണ്.

11. ആലപ്പുഴ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് (ജൂലൈ 27) **ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ

**0479–2449268, 2959268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

12. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് (ജൂലൈ 27) രാവിലെ 10 മണി മുതൽ 4 മണി വരെ **കാട വളർത്തൽ** വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

വാഴയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം മൂലം വാഴത്തടയിലുള്ള ദ്വാരങ്ങളിലൂടെ നിറമില്ലാത്ത ജെല്ലി പോലുള്ള ദ്രാവകം ഊറി വരുന്നതായി കാണാം. ഇവയുടെ ആക്രമണം മൂലം വാഴക്കൈകൾ ഒടിഞ്ഞു തൂങ്ങുകയും വാഴക്കുലകൾ പാകമാകാതെ ഒടിഞ്ഞു വീഴുകയും ചെയ്യും. ഇവയെ നിയന്ത്രിക്കുന്നതിനായി 3 മുതൽ 5 മാസം വരെ പ്രായമാകുമ്പോൾ ഇലപ്പോളകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക് 50 ഗ്രാം ഒരു വാഴയ്ക്ക് എന്ന തോതിൽ ഇട്ടു കൊടുക്കുക. ഉണങ്ങിത്തൂങ്ങുന്ന ഇലകൾ മുറിച്ചു മാറ്റുക, വാഴത്തടയിൽ **ബ്യൂവേറിയ ബസിയാന** പുരട്ടി കെണി വെക്കുക അല്ലെങ്കിൽ **ബ്യൂവേറിയ 20 ഗ്രാം** ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചു കൊടുക്കുക. കീടബാധ രൂക്ഷമാണെങ്കിൽ **ക്ലോറിപ്പയറിഫോസ്** 20 EC 2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ **ഫിപ്രോനിൽ** 5 SC 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച് ഇലക്കവിളുകളിൽ വീഴത്തക്കവിധം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം